# നിലക്കുയിൽ

പി.ഭാസ്ക്കരൻമാഷും രാമുകാര്യാട്ടും ചേർന്ന് സംവിധാനം ചെയ്ത നിലക്കുയിലിൽ മലയാളത്തിലെ ആദ്യസംവിധായക ജോഡിയുടെ അരങ്ങേറ്റം കുറിച്ചു. തന്റെ കഥയെ ആസ്പദമാക്കി ഉറൂബായിരുന്നു ഈ ചിത്രത്തിന്റെ തിരക്കഥ രചിച്ചത്. സംഗീതസംവിധായകനെന്ന നിലയിൽ രാഘവൻ മാസ്റ്ററുടെ ആദ്യ ചിത്രം കൂടിയായിരുന്നു നിലക്കുയിൽ.

നിലി എന്ന പേരുള്ള ദലിത് സ്ത്രീയെ ഗർഭിണിയാക്കി വഴിയരികിൽ മരണത്തിന് വിട്ടുകൊടുത്ത ശ്രീധരൻമാസ്റ്റർ എന്ന നായർയുവാവാണ് നിലക്കുയിലിലെ നായകൻ, ഇയാൾ നിലിയോട് ചെയ്യുന്ന ചതിവ് ഒരു ഭാഗത്ത്. അപ്പുറത്തെ പോസ്റ്റ്മാന്റെ വീട്ടില് തന്റെ കുഞ്ഞ് വളരുന്നത് കാണേണ്ടിവരുന്ന ശ്രീധരന്റെ ധർമ്മസങ്കടം മറുഭാഗത്ത്. മരിച്ചുകഴിഞ്ഞ നിലിയിൽ നിന്നും സിനിമ ഏറേ മുന്നോട്ടുപോകുന്നു. തന്റെ കുഞ്ഞിനെ ശ്രീധരൻ ഏറ്റെടുക്കുന്നതിലൂടെ ഒരു പ്രതിസന്ധി പരിഹരിക്കുകയാണ്. ജാതിപരമായ അവസ്ഥാന്തരങ്ങളെ അഭിസംബോധനചെയ്യുന്ന സിനിമ പക്ഷേ കീഴാളപക്ഷ പ്രതിനിധാനസ്വഭാവം പേറുന്നുമില്ല. വരേണ്യവർഗ്ഗ പ്രതിനിധാനങ്ങൾ നിലിയെ എപ്രകാരമാണ് മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തുന്നത് എന്നതിലേയ്ക്ക് നാം എത്തപ്പെടുന്നു. ഈ സിനിമയിലെ ഗാനങ്ങളെല്ലാം അവിസ്മരണീയങ്ങളായി. ഈണം, വരികളുടെ ദൈർഘ്യം, നാട്ടുതനിമ, പശ്ചാത്തലസംഗീതം, ഭാവം, പദസംയോജനം, കാവ്യാത്മകത എന്നീ ഘടകങ്ങളിലെല്ലാം പുതിയ പരീക്ഷണമായി നിലക്കുയിലിലെ ഗാനങ്ങൾ മാറി.

കായലരികത്ത് എന്ന ഗാനത്തിൽ പ്രണയാഭ്യർത്ഥനയാണ് വിഷയമാകുന്നത്. സിനിമയുടെ കഥാപരിസരവുമായി ഒരു ബന്ധവും ഈ ഗാനത്തിനില്ല. മാപ്പിളപ്പാട്ടിന്റെ ശീലിൽ എഴുതപ്പെട്ട ഈ ഗാനം നായകന്റെ നായികയോടുള്ള പ്രണയാഭ്യർത്ഥനയല്ല. ലാഘവബുദ്ധിയോടെ അരങ്ങേറപ്പെടുന്ന പ്രണയനാടകങ്ങളോടുള്ള ഫലിതരസപൂർണ്ണമായ ഒരു കഥാപാ

ത്രത്തിന്റെ പ്രതികരണം മാത്രമാണിത്. ഗ്രാമജീവിതത്തിന്റെ പശ്ചാത്ത ലവും ഭാഷയും തനിമയും ഇതിൽ ഓളം വെട്ടുന്നു. നിലിയുടെ ദുരന്തം ഗാനത്തിന് പശ്ചാത്തലമൊരുക്കുന്നുമുണ്ട്.

കായലും കുറിയും, ശീലക്കുടയും കാച്ചിയ എണ്ണയും പുഴക്കടവും ഒക്കെ പരാമർശിക്കുന്ന വരികളിലേയ്ക്ക് നോക്കുക. ഗ്രാമീണസാമൂഹ്യാ ന്തരീക്ഷത്തിന്റെ നേർപ്പതിപ്പാണ് ഈ ഗാനം. പെണ്ണുകെട്ടിന് നറുക്കെടു ക്കുന്ന വേളയിൽ എന്നെക്കൂടി നി പരിഗണിക്കണമെന്നാണ് യുവാവ് പറ യുന്നത്. നിന്റെ കണ്ണേറ്കൊണ്ട് എന്റെ കരളാകുന്ന ഉരുളിയിൽ എണ്ണ കാച്ചുമ്പോഴുള്ള നൊമ്പരമാണ് ഉളവാക്കുന്നത്. നിന്റെ തീക്ഷണങ്ങളായ കണ്ണുകൾ എന്റെ ഹൃദയത്തിൽ വന്ന് തട്ടവേ കയറുപൊട്ടിയ പമ്പ രംപോലെയായി എന്റെ മനസ്സ്.

ഇത്തരം ഒരു മാനസ്സികാവസ്ഥയെ വർണ്ണിക്കാൻ ഒരു ആധുനിക ചലച്ചിത്രഗാനരചയിതാവ് എഴുതിയത് നോക്കുക.

'നിന്റെ മിഴിമുനകൊണ്ടെന്റെ

നെഞ്ചിലൊരുബല്ലേബല്ലേ.'

ഇവതമ്മിൽ താരതമ്യം ചെയ്യുമ്പോഴാണ് കായലരികത്തിന്റെ മാറ്റ് അറിയു ന്നത്.ചേറിൽനിന്ന് വളർന്ന് പൊന്തിയ താമരപ്പൂവാണ് നിയെന്നപ്രശംസ കൊണ്ട് മൂടുന്നു. നിന്റെ കൈയ്ക്കൊണ്ട് വെച്ച നെയ്യ്ച്ചോറ് തിന്നാൻ ആഗ്രഹിക്കുന്നുവെന്നും നിന്റെ പുരികക്കൊടിയാകുന്ന അമ്പ്കൊണ്ട് എന്റെ ഞരമ്പുകൾ കയ്യൊടിഞ്ഞശീലക്കുടയുടെ കമ്പിപോലെ വലിഞ്ഞ് പോയി എന്നും പ്രണയാതിരേകം വ്യക്തമാക്കുന്നു. ഇവിടെ നായിയ തന്റെ ദൗർബല്യമാണെന്ന് ആവർത്തിച്ചുറപ്പിക്കുകയാണ് ആ ചെറുപ്പക്കാ രൻ.

പുഴക്കടവിൽ കുടവുമായെത്തിയ കാലംമുതലേ ഈ സുന്ദരി യുവാ വിന്റെ മനം കവർന്നതാണ്. അവന്റെ മനസ്സിനെ അവൾ തടവിലാക്കുക

യായിരുന്നു. ഒടുവിൽ തന്നെ സങ്കടപ്പുഴനടുവിലാക്കി നി പിൻതിരിയുക യാണോ എന്നതിലൂടെ വിലാപത്തിലേയ്ക്ക് മാറുകയാണ് ഗാനം. പ്രണ യിച്ച് വഞ്ചിക്കുന്നവരാണ് സ്ത്രീകൾ എന്ന ആൺ ബോധമാണിവിടെ മറനിക്കി പുറത്തുവരുന്നത്. യുവതിയ്ക്ക് ഈ ചെറുപ്പക്കാരനോടുള്ള മനോഭാവം എന്തായിരുന്നുവെന്ന് നമ്മുക്ക് അറിയില്ല. സിനിമയുടെ പ്രമേ യവുമായി ബന്ധിപ്പിക്കാനാവുന്നതുമല്ല ഈ ഗാനത്തെ. ഈ ഗാനത്തിന്റെ പശ്ചാത്തലം ഒരു ചായപീടികയാണ്. അവിടെവച്ചാണ് താരതമ്യേന അപ്ര സക്തനായ ഒരുകഥാപാത്രം ഈ ഗാനം ആലപിക്കുന്നത്.

അയാൾ തുടരുന്നു, മറ്റെന്തെങ്കിലുമാണ് നിന്റെ മനസ്സിലുള്ളതെങ്കിൽ നി അത് തുറന്നുപറയേണ്ട സമയമാണ്. ഞാനെന്തിനാണ് വെറുതേ ഈ പൊരിവെയിലത്ത് നടക്കുന്നത്. കയ്യിലുകുത്തുകയെന്നത് ഒരു ശൈലി യാണ്. ഫലമില്ലാത്ത പ്രവർത്തിചെയ്യുകയെന്നർത്ഥം. ആഴത്തിലുള്ള പ്രണയം അയാൾക്കില്ല. അതാണ് ഈ വിധം പറയാൻ അയാളെ ശക്ത നാക്കുന്നത്. ആസക്തികളിൽ മുഴുകി സ്ത്രൈണചേതനയെ ചവിട്ടിയര ക്കുന്ന ഒട്ടനവധി ശ്രീധരൻമാർക്ക് നേരെയുള്ള പരിഹാസമായി ദ്വിതിയാ ക്ഷരപ്രാസം ചെലുത്തി മനോഹരമാക്കിയ ഈ ഗാനം മാറുന്നു.

-------------